പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 388 — 24/6/2019 ൽ മറുപടിക്ക്

## മൃഗങ്ങളിലൂടെ നിപ വൈറസ് പടരുന്നത് തടയാൻ മുൻകരുതൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ഗീതാ ഗോപി :<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി: | | | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |
| എ) | വവ്വാലുകളാണ് നിപ വൈറസിന്റെ പ്രധാന വാഹകർ എന്നത് കണക്കിലെടുത്ത് പക്ഷികളിലൂടെയും മൃഗങ്ങളിലൂടെയും വൈറസ് ബാധ പടരുന്നത് തടയാൻ മൃഗസംരക്ഷണവകുപ്പ് സ്വീകരിച്ച മുൻകരുതലുകൾ വ്യക്തമാക്കുമോ; | എ) | ഈ വിഷയത്തിൽ കൃത്യമായ മുൻകരുതലുകളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. വവ്വാലുകളിൽ നിന്നും മനുഷ്യരിലേക്കും പന്നികളിലേക്കുമാണ് ഈ രോഗം പകരുന്നതായി കണ്ടുവന്നിട്ടുള്ളത്. പന്നിവളർത്തൽ നടത്തുന്ന ഫാമുകളിലെ കർഷകർക്ക് ഈ രോഗത്തിന്റെ ലക്ഷണങ്ങളെക്കുറിച്ചും, രോഗവ്യാപനം തടയുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ബോധവൽക്കരണം നടത്തിയിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന വെറ്ററിനറി ഡോക്ടർമാർ മുഖാന്തിരം പന്നിവളർത്തൽ നടക്കുന്ന സ്ഥലങ്ങളിൽ കൃത്യമായ നിരീക്ഷണം നടത്തുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പഴംതീനി വവ്വാലുകളുടെ സ്രവങ്ങളും വിസർജ്ജ്യവസ്തുക്കളും ശേഖരിച്ച് വിദഗ്ധ പരിശോധന നടത്തുന്നതിലേക്കായി NIV പൂനെ, NISHAD ഭോപ്പാൽ എന്നിവിടങ്ങളിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് കൊച്ചി കേന്ദ്രീകരിച്ച് വവ്വാലുകളെ പിടികൂടി സാമ്പിൾ മേൽപ്പറഞ്ഞ ലാബുകളിൽ എത്തിക്കുന്നതിനുള്ള നടപടികളും പൂർത്തിയായി. |
| ബി) | വളർത്തുമൃഗങ്ങളെ പരിപാലിക്കുന്നവർക്ക് നിപ രോഗബാധ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | പന്നികളിലൊഴിച്ച് മറ്റ് വളർത്തുമൃഗങ്ങളിൽ ഈ രോഗം കണ്ടുവരുന്നതായി ഒരു റിപ്പോർട്ടും നിലവിലില്ല. എന്നിരുന്നാൽ തന്നെയും ഈ രോഗത്തെക്കുറിച്ചും വ്യാപനം തടയുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും വെറ്ററിനറി സർജന്മാർ മുഖേന ബോധവൽക്കരണ പരിപാടികൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തെ ഫാമുകളിൽ രോഗനിരീക്ഷണം, അണുനശീകരണം എന്നിവ സംബന്ധിച്ച് കൂടുതൽ ജാഗ്രത പുലർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; | സി) | ഫാമുകളിൽ രോഗനിരീക്ഷണം നടത്തുന്നതിനും അണുനശീകരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖാന്തിരം നൽകിയിട്ടുണ്ട്. |
| ഡി) | രോഗം ബാധിച്ച കന്നുകാലികളെ ചെക്ക്പോസ്റ്റുകൾ മുഖേന സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നില്ല എന്നുറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | കന്നുകാലികളിൽ ഈ രോഗം വന്നതായി റിപ്പോർട്ടില്ല. എന്നിരുന്നാലും സംശയാസ്പദമായ രോഗലക്ഷണങ്ങൾ ഉള്ള കന്നുകാലികളുടെ സാമ്പിളുകൾ ശേഖരിക്കാൻ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിലേക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന കന്നുകാലികളുടെയും മറ്റും എണ്ണം വളരെ വർദ്ധിച്ചതിനാലും വിവിധ രോഗങ്ങൾ ഉള്ള കന്നുകാലികളെ കേരളത്തിലേക്ക് കടത്തുന്നതായുള്ള സംശയം നിലനിൽക്കുന്നതിനാലും ചെക്ക്പോസ്റ്റുകളിൽ കൂടുതൽ ജാഗ്രത പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഇ) | പന്നികളിൽക്കൂടി നിപ വൈറസ് പടരുന്നുവെന്നുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പന്നി ഫാമുകളിൽ ആവശ്യമായ സുരക്ഷാനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | | പന്നികളിൽകൂടി നിപ വൈറസ് പകരുന്നു എന്നത് സ്ഥിരീകരിച്ചിട്ടില്ല. ഭോപ്പാലിലെ ഹൈസെക്യൂരിറ്റി ലാബിലെ റിസൾട്ട് നെഗറ്റീവ് ആയിരുന്നു. |

സെക്ഷൻ ഓഫീസർ